**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)**

**<u>നം.കെ.എസ്.എ-ഐ.ഡി.കെ-7/743/2019</u>**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
*ഇ-മെയിൽ : doidk.ksad@kerala.gov.in*

തീയതി. 16.09.2019

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ്**

കരിങ്കുന്നം ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ

**വിഷയം :- കരിങ്കുന്നം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്**

*****************************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കരിങ്കുന്നം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം 2, 3** എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**<u>പകർപ്പ് :</u>**

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി-തൊടുപുഴ.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-7/743/2019 തീയതി : 16.09.2019

## ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

***********************************

ഇടുക്കി ജില്ലയിലെ **കരിങ്കുന്നം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് **17.07.2018** മുതൽ **21.07.2019** വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **17** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **8** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** | ശ്രീമതി. ബേബി സനൂജ, ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 22.07.2019 മുതൽ 27.07.2019 വരെ |

| | | |
|---|---|---|
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീ. ടി. എസ്. ധനജയൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മേരി ആൻഡ്രൂസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം. എസ്. രാജീവ് | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എബി എബ്രഹാം | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. മായ കൃഷ്ണൻ | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീമതി. ബീന ബിജു | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീ. തോമസ് കുട്ടി കുര്യൻ<br>വൈസ് പ്രസിഡന്റ്(അധിക ചുമതല) | 01.06.2018 മുതൽ 28.06.2018 വരെ |
| | ശ്രീമതി. ബിന്ദു ബിനു | 29.06.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ. കെ. പി. കൃഷ്ണപിള്ള<br>**(ഹെഡ് ക്ലാർക്ക് – അധികചുമതല)** | 01.04.2018 മുതൽ 07-06-2018 വരെ<br>23.06.2018 മുതൽ 29-06-2018 വരെ<br>14.07.2018 മുതൽ 26.07.2018 വരെ |
| | ശ്രീമതി. ഉഷ എ. ആർ. | 08.06.2018 മുതൽ 22.06.2018 വരെ |
| | ശ്രീ. ശ്രീകാന്ത് വി. | 30.06.2018 മുതൽ 13.07.2018 വരെ<br>27.07.2018 മുതൽ 08.10.2018 വരെ |
| | ശ്രീമതി. കെ. ജി. ലീനാകുമാരി | 09.10.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. വിജീഷ വിജയൻ | 01.04.2018 മുതൽ 09.05.2018 വരെ |
| | ഡോ. പ്രവീൺ സി. തോമസ് | 10.05.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽഓഫീസർ (ആയുർവ്വേദം) | ഡോ. ജ്യോതി ലക്ഷ്മി എൽ. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അന്ന വിജയൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കരിങ്കുന്നം | ശ്രീമതി. ശ്രീജ എസ്. നായർ | 01.04.2018 മുതൽ 30.09.2018 വരെ |
| | ശ്രീ. ആനന്ദ് ശശി | 01.10.2018 മുതൽ 22.03.2019 വരെ |
| | ശ്രീമതി. രശ്മി ഇ. എസ്. | 23.03.2019 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നെല്ലാപ്പാറ | ശ്രീ. ജോജോ സേവ്യർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. മരിയ ജോർജ്ജ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. സുജ സെബാസ്റ്റ്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി. ലൂസി ജോർജ്ജ് ഗവ.എൽ.പി.എസ്.കരിങ്കുന്നം | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ഐവി കോശി | 01.04.2018 മുതൽ 01.09.2018 വരെ |

| | | |
|---|---|---|
| | ശ്രീമതി. സുലേഖ കെ. | 02.09.2018 മുതൽ 31.10.2018 വരെ |
| | ശ്രീ ബോബൻ പോൾ | 01.11.2018 മുതൽ 31.03.2019 വരെ |
| **അസി. എഞ്ചിനീയർ** | ശ്രീ. കുട്ടിച്ചൻ എം. കല്ലട | 01.04.2018 മുതൽ 31.03.2019 വരെ |
| **ഡയറി എക്സ്റ്റൻഷൻ ഓഫീസർ** | ശ്രീ. നാരായണൻ നമ്പൂതിരി | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 (പൊതു അവലോകനം) |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയത് സംബന്ധിച്ച വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |

| | | |
|---|---|---|
| | | **ഭാഗം – 2 (വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ)** |
| 13 | 2-1 | ഡി. & ഒ. ലൈസൻസ് അധിക ഫീസ് ഒടുക്കിയത് |
| 14 | 2-2 | ലേല തുകകൾ അടവാക്കിയപ്പോൾ ജി.എസ്.ടി./വന നികുതി എന്നിവ ഈടാക്കിയിട്ടില്ല |
| 15 | 2-3 | സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മരം വെട്ടി മാറ്റിയ ഇനത്തിൽ ₹2000/- ചെലവ് |
| 16 | 2-4 | മുൻവർഷത്തെ വാടക കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു |
| 17 | 2-5 | ഡി. & ഒ. ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 18 | 2-6 | നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല |
| 19 | 2-7 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ്-കളക്ഷൻ ചാർജ് ഈടാക്കുന്നില്ല |
| | | **ഭാഗം – 3 (ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ)** |
| 20 | 3-1 | വൃദ്ധർക്ക് കട്ടിൽ വിതരണം - കുറഞ്ഞ ടെണ്ടർ പരിഗണിച്ചില്ല - നഷ്ടം ₹1,21,539/- |
| 21 | 3-2 | കുടുംബാരോഗ്യ കേന്ദ്രം ഫാർമസി എയർ കണ്ടീഷൻ ചെയ്യൽ - അധിക നിരക്ക് നൽകി – നഷ്ടം ₹40,933/- |
| 22 | 3-3 | ടെണ്ടർ കൂടാതെ ബയോഗ്യാസ് പ്ലാന്റുകൾ വാങ്ങിയത് - അപാകതകൾ - നഷ്ടം ₹27,500/- |
| 23 | 3-4 | കന്നുകുട്ടി പരിപാലനപദ്ധതി(വനിത)അധികവിഹിതം തിരികെ ലഭ്യമാക്കി സഞ്ചിതനിധിയിൽ ഒടുക്കിയിട്ടില്ല |
| 24 | 3-5 | ടെണ്ടർ നടപടികൾ കൂടാതെ SIDCO യിൽ നിന്ന് നേരിട്ടു വാങ്ങലുകൾ നടത്തിയതു സംബന്ധിച്ച് |
| 25 | 3-6 | പി.വി.സി. വാട്ടർ ടാങ്ക് വിതരണം (എസ്.സി.) ടെണ്ടർ പരിഗണിച്ചില്ല – തടസ്സം ₹14,000/- |
| 26 | 3-7 | പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടം - അഞ്ച് വർഷമായിട്ടും പ്രവർത്തി പൂർത്തീകരിച്ചില്ല |
| 27 | 3-8 | മരുന്നുകൾ ലഭ്യമായില്ല |
| 28 | 3-9 | പ്രളയ ദുരിതാശ്വാസ ഫണ്ട് - ഒടുക്കിയിട്ടില്ല |

| | | |
|---|---|---|
| 29 | 3-10 | ലൈഫ് പദ്ധതി |
| 30 | 3-11 | കുടുംബശ്രീ അക്കൗണ്ടിൽ ₹4,20,197/- അവശേഷിക്കുന്നു |
| 31 | 3-12 | വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയ്ക്ക് വിനിയോഗവിവരം ലഭ്യമല്ല |
| 32 | 3-13 | സെമിനാറിൽ പങ്കെടുത്തതിന് ടാക്സി ചാർജ്ജ് നൽകിയത് – അനുവദനീയമല്ല |
| 33 | 3-14 | വെള്ളക്കരം – സംയുക്ത പരിശോധന ഫലപ്രദമായില്ല – പഞ്ചായത്ത് ഫണ്ടിന് പാഴ് ചെലവ് |
| 34 | 3-15 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവ് – അപാകതകൾ |
| | | **ഭാഗം – 4 (പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും)** |
| 35 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 36 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 37 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 38 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 39 | 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 40 | 4-6 | ഓഡിറ്റ് റിക്കവറി |
| 41 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 42 | 4-8 | ചാർജ്/സർചാർജ് |
| 43 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 44 | 4-10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | | **അനുബന്ധം** |
| 45 | **അനുബന്ധം** 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 02-03-2018ന് അവതരിപ്പിച്ച് തീരുമാനം നം.1 പ്രകാരം അംഗീകരിച്ച 2018-19 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 26-03-2108 തീയതിയിലെ 6 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. 22-01-2019-ലെ തീരുമാനം നം. 1 പ്രകാരം ബജറ്റ് പുതുക്കി പാസാക്കിയിട്ടുമുണ്ട്. 2018-19ലെ ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹63,22,528 |
| വരവ് | ₹9,68,93,473 |
| ചെലവ് | ₹9,63,52,329 |
| നീക്കിയിരിപ്പ് | ₹6863,672 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 22-05-2019 | - | - |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22 & 23-05-2019 | കെ.എസ്.എ-ഐ.ഡി.കെ-3/520(19)/2019 തീ. 16.08.2019 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹93,56,698.41 |
| വരവ് | ₹5,60,06,710.00 |
| ആകെ | ₹6,53,63,408.41 |
| ചെലവ് | ₹4,83,94,053.00 |
| നീക്കിയിരിപ്പ് | ₹1,69,69,355.41 |

## 1-5 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ട് ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| 1 | **വികസനഫണ്ട് –** (ജനറൽ) | 0 | 9610000 | 9610000 | 9610000 | 0 |
| 2 | **വികസനഫണ്ട് –** (എസ്.സി.പി.) | 0 | 2458000 | 2458000 | 2458000 | 0 |
| 3 | **വികസനഫണ്ട് –** (ടി.എസ്.പി.) | 0 | 231000 | 231000 | 231000 | 0 |
| 4 | **സംരക്ഷണ ഗ്രാന്റ്** (റോഡ്) | 0 | 8780000 | 8780000 | 8780000 | 0 |
| 5 | **സംരക്ഷണ ഗ്രാന്റ്** (നോൺ റോഡ്) *ACR പ്രകാരം* | 0 | 2780000 | 2780000 | 2455086 | 324914 |
| 6 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് *ACR പ്രകാരം* | 0 | 4460000 | 4460000 | 3860129 | 599871 |
| 8 | സാക്ഷരത | 14407 | 0 | 14407 | 0 | 14407 |
| 10 | **എം.ജി.എൻ.ആർ.ഇ.ജി.എ. –** തൊഴിലാളികളുടെ കൂലി | 0 | 8538864 | 8538864 | 8538864 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | **എം.ജി.എൻ.ആർ.ഇ.ജി.എ. – അഡ്മിനിസ്ട്രേറ്റീവ് ചെലവ്** | 4163 | 322892 | 327055 | 315686 | 11369 |
| 11 | **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | |
| 1 | ഐ.സി.ഡി.എസ്. | 387465 | 337028 | 724493 | 426095 | 298398 |
| 2 | റ്റി.എസ്.സി. | 884000 | 430712 | 1314712 | 0 | 1314712 |
| 3 | ശുചിത്വ മിഷൻ ഗ്രാന്റ് | 0 | 1430000 | 1430000 | 130000 | 1300000 |
| 4 | എസ്.എസ്.എ. | 239737 | 4249 | 243986 | 225691 | 18471 |
| 5 | ആർ.ജി.പി.എസ്.എ. | 76981 | 0 | 76981 | 563 | 76418.41 |
| 6 | ബി.പി.എൽ. (സ്പെസിഫിക് പർപ്പസ്) | 84 | 0 | 84 | 0 | 84 |
| 12 | **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ** | | | | | |
| 1 | എം.എൽ.എ. ഫണ്ട് | 1334086 | 0 | 1334086 | 1334086 | 0 |
| 2 | റ്റി.എസ്.സി.(ഹരിതകേരളം) | 26170 | 0 | 26170 | 0 | 26170 |
| 3 | വിമുക്തി | 504167 | 25000 | 529167 | 33335 | 495832 |
| 13 | ജോയിന്റ് വെഞ്ചർ ബ്ലോക്ക്പഞ്ചായത്ത് | 0 | 544387 | 544387 | 544387 | 0 |
| | ജോയിന്റ് വെഞ്ചർ ജില്ലാപഞ്ചായത്ത് | 0 | 4779787 | 4779787 | 779787 | 4000000 |
| 14 | ബി-ഫണ്ട് | 0 | 20076320 | 20076320 | 20076320 | 0 |
| 15 | ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 5373065+ | 10378033 | 4024637 | 6353396 |

| | | | | | | |
|---|---|---|---|---|---|---|
| | | | 5004968(redumption) | | | |
| 16 | **തനത് ഫണ്ട്** | | | | | |
| 1 | **തനത് ഫണ്ട്** - ബാങ്ക് അക്കൗണ്ട് | 5459646.41 | 1299826 | 6759472 | 4038620 | 2720852.41 |
| 2 | **തനത് ഫണ്ട്** - ഇ-പേയ്മെന്റ് | 15013 | 109404 | 124417 | 0 | 124417 |
| 3 | **തനത് ഫണ്ട്** - ട്രഷറി അക്കൗണ്ട് | 255581 | 0 | 255581 | 0 | 255581 |

## 1-6 പദ്ധതി അവലോകനം

2018-19ൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) |
|---|---|---|---|---|
| 113 | 66255231 | 94 | 35870036 | 0 |

വിവിധ മേഖലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശകലനം താഴെ ചേർക്കുന്നു.

**കൃഷി**

പ്രധാന കാർഷിക വിള റബ്ബർ ആണ്. ഭക്ഷ്യവിളകളുടെ ഉത്പാദനം ഗണ്യമായി കുറഞ്ഞു വരുന്നു. ഇതിന് ശാശ്വത പരിഹാരം കാണാൻ സാധിച്ചിട്ടില്ല. നെൽകൃഷി ലാഭകരമല്ലാത്തതും കർഷക തൊഴിലാളികളുടെ അഭാവവും ഈ രംഗത്തെ കാര്യമായി ബാധിച്ചിരിക്കുന്നു. പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിയെങ്കിലും ഉത്പാദനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. കാർഷിക രംഗത്തെ പുത്തൻ സാങ്കേതിക വിദ്യകളും പ്രവണതകളും കൃഷിക്കാരെ നിരന്തരമായി പരിചയപ്പെടുത്തുവാനുള്ള സംവിധാനം ആവിഷ്കരിക്കേണ്ടതുണ്ട്. കൂടാതെ ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുമുണ്ട്. തൻവർഷം ഈ മേഖലയുമായി ബന്ധപ്പെട്ട് 3 പദ്ധതികൾ മാത്രമാണ് ആവിഷ്കരിച്ചത്. ഇതിനായി ₹2,12,810/- മാത്രം ചെലവഴിച്ചിരിക്കുന്നു.

**മൃഗസംരക്ഷണം ക്ഷീരവികസനം**

കൃഷിയോടൊപ്പം കാലിവളർത്തൽ ഉപതൊഴിലായി സ്വീകരിച്ചിരിക്കുന്ന നിരവധിപ്പേർ ഈ പഞ്ചായത്തിൽ

അധിവസിക്കുന്നു. കാലിത്തീറ്റയുടെ വിലയും തീറ്റപ്പുൽ ക്ഷാമവും ഈ മേഖലയെ കാര്യമായി ബാധിച്ചിട്ടുണ്ട്. ആധുനിക രീതിയിൽ കന്നുകാലികളെ പരിപാലിക്കുന്നതിന് കർഷകർക്ക് കാലാകാലങ്ങളിൽ പരിശീലനം നൽകേണ്ടതുണ്ട്.

തീറ്റപ്പുൽകൃഷി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുക, പ്രാദേശികമായി ലഭിക്കുന്ന ഉത്പ്പന്നങ്ങൾ പ്രയോജനപ്പെടുത്തി കാലിത്തീറ്റ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുക എന്നിവയെല്ലാം ഇതിനുള്ള പരിഹാരമാർഗ്ഗങ്ങളാണ്. തൻവർഷം ഈ മേഖലയിൽ 5 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിരിക്കുന്നു. ഇതിനായി ₹18,85,309/-ചെലവ് ചെയ്തിരിക്കുന്നു.

**ചെറുകിടവ്യവസായം**

കുടുംബശ്രീയുടെ കീഴിൽ ചുരുക്കം ചില സംരംഭങ്ങൾ എന്നുള്ളതല്ലാതെ വേണ്ടത്ര ശക്തിയാർജ്ജിക്കാത്ത ഒരു മേഖലയാണിത്. പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കളിൽ നിന്ന് മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് മാർക്കറ്റ് ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. ഈ മേഖലയുമായി ബന്ധപ്പെട്ട് തൻവർഷം പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

**പൊതുമരാമത്ത് ഊർജ്ജം**

പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളെയും ബന്ധിപ്പിക്കുന്ന റോഡ് ശൃംഖല രൂപപ്പെട്ടിട്ടുണ്ട് . എന്നാൽ റോഡ് സൗകര്യവും വൈദ്യുതിയും ഇനിയും എത്തിച്ചേർന്നിട്ടില്ലാത്ത നിർദ്ധനരായ ജനവിഭാഗം താമസിക്കുന്ന പല ഭാഗങ്ങളും പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുകയും ഉയർന്ന നിലവാരമുള്ള സേവനങ്ങൾ ജനങ്ങൾക്ക് നൽകുന്നതിനുള്ള പദ്ധതികളും പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. തൻവർഷം ഈ മേഖലയിൽ 46 പദ്ധതികൾ നടപ്പാക്കിയിരിക്കുന്നു. ഈ ഇനത്തിൽ ₹1,42,64,094/- ചെലവഴിച്ചിരിക്കുന്നു.

**ദാരിദ്ര ലഘൂകരണം**

കേരള സർക്കാർ, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് എന്നിവയുമായി ചേർന്ന് നിരവധി പദ്ധതികൾ ഈ മേഖലയിൽ നടപ്പാക്കി വരുന്നു. ആശ്രയ പദ്ധതി, ലൈഫ് മിഷൻ, ഇ.എം.എസ്. ഭവന പദ്ധതി എന്നിവ പ്രയോജനപ്പെടുത്തി ഈ മേഖലയിൽ ഉയർന്ന സേവനം ലഭ്യമാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. തൻവർഷം ഈ മേഖലയിൽ 4 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

**സാമൂഹ്യനീതി**

വിവിധ പെൻഷൻ വിതരണം, പാലിയേറ്റീവ് കെയർ, ശാരീരിക വൈകല്യമുള്ളവർക്കുള്ള പദ്ധതികൾ എന്നിവ ഉൾപ്പെടെ ഈ രംഗത്ത് നിരവധി പ്രവർത്തനങ്ങൾ പഞ്ചായത്ത് നടത്തി വരുന്നുണ്ട്.

**ആരോഗ്യം**

അലോപ്പതി, ആയൂർവേദ, ഹോമിയോ-ആരോഗ്യ മേഖലകളിൽ പ്രവർത്തിക്കുന്ന സർക്കാർ സംവിധാനങ്ങൾ ഉണ്ടെങ്കിലും മറ്റ് രംഗങ്ങളിലെ മുന്നേറ്റം പോലെ ആരോഗ്യ രംഗത്ത് മുന്നേറാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. പകർച്ച വ്യാധികൾ തടയുന്നതിനും പരിസര മലിനീകരണം തടയുന്നതിനും ജലസ്രോതസ്സുകൾ ശുദ്ധമായി സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. വീടുകളിലെ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ആരോഗ്യമേഖലയിൽ തൻവർഷം പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനം ഉൾപ്പെടെ 7 പദ്ധതികൾ നടപ്പാക്കിയിരിക്കുന്നു. കൂടാതെ പശ്ചാത്തലവികസനവുമായി ബന്ധപ്പെട്ട് 5 പദ്ധതികളും നടപ്പാക്കിയിരിക്കുന്നു. ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾ ഈ രംഗത്ത് നടപ്പാക്കേണ്ടതുണ്ട്.

**വിദ്യാഭ്യാസം**

സാമാന്യം മെച്ചപ്പെട്ട് പ്രവർത്തനം കാഴ്ചവെയ്ക്കുന്ന ഒരുമേഖലയാണിത്. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ എൽ. പി. സ്കൂളുകൾ, പ്രീപ്രൈമറി സ്കൂളുകൾ എന്നിവ 2 വീതവും 17 അംഗണവാടികളും പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിൽ ഗ്രാമപഞ്ചായത്തിന് ഏറ്റെടുത്ത് നടപ്പാക്കാനാവുന്ന പ്രവർത്തനങ്ങൾ അനവധിയാണെങ്കിലും ആയത് പൂർണ്ണമായും ഏറ്റെടുക്കാൻ പഞ്ചായത്തിനായിട്ടില്ല. ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള ക്ലാസ് മുറികൾ ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. നിർബന്ധിത പ്രോജക്റ്റ് ഉൾപ്പെടെ 4 പദ്ധതികൾ ഈ വിഭാഗത്തിൽ തൻവർഷം നടത്തിയിരിക്കുന്നു.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം |
|---|---|---|
| കൃഷി ഓഫീസർ | 3 | 3 |
| വെറ്ററിനറി സർജൻ | 5 | 5 |
| മെഡിക്കൽ ഓഫീസർ, ആരോഗ്യം | 3 | 3 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 3 |
| വി.ഇ.ഒ. കരിങ്കുന്നം | 7 | 4 |
| വി.ഇ.ഒ. നെല്ലാപ്പാറ | 11 | 10 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 6 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 |
| സെക്രട്ടറി | 9 | 8 |
| ഹെഡ് മാസ്റ്റർ സർക്കാർ എൽ.പി.എസ്. | 3 | 3 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 58 | 47 |
| **ആകെ** | **113** | **94** |

പദ്ധതികളുടെ മേഖല വിഭജനം വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ ₹ |
|---|---|---|---|---|
| ഉല്പാദനം | 10 | 9 | 90 | 4378600 |
| സേവനം | 57 | 44 | 77 | 41625579 |
| പശ്ചാത്തലം | 46 | 41 | 89 | 20251052 |
| **ആകെ** | **113** | **94** | **83** | **66255231** |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ |
|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 8538864 | 8538864 | 8538864 |
| ഭരണചെലവുകൾ | 4163 | 322892 | 327055 | 315686 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 18120 | 17 |
| കർഷകതൊഴിലാളി പെൻഷൻ | 2362800 | 563 |
| വിധവാപെൻഷൻ | 4259900 | 992 |
| വാർദ്ധക്യകാലപെൻഷൻ | 11155300 | 2429 |
| വികലാംഗപെൻഷൻ | 2020600 | 460 |
| 50 വയസിന് മുകളിൽപ്രായമുള്ള, അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 259600 | 59 |

### 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-07-2019-ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹1,312/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-10 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സാമാന്യം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ബാലൻസ് ഷീറ്റ് പ്രകാരം വാടകയിനത്തിലെ ₹17,445/- മാത്രമാണ് പിരിച്ചെടുക്കാൻ അവശേഷിക്കുന്നത്. ആസ്തി രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ല. സ്ഥാപനത്തിന്റെ കമ്പ്യൂട്ടറുകൾ അടക്കമുള്ള ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് കൈമാറൽ നടത്തി വരുന്നില്ല.

**<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>**

സ്ഥാപനത്തിലെ പ്രതിമാസ ചെലവുകളായ വെള്ളക്കരം, വൈദ്യുതി ചാർജ്ജ് (തെരുവ് വിളക്കുകൾ ഒഴികെ) ടെലിഫോൺ ചാർജ്ജ് മുതലായവയ്ക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പ്രതിമാസ ചെലവുകൾക്കോരോന്നിനും പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ മാസത്തെയും ബിൽ തുകയും അടവ് വിവരങ്ങളും ചേർത്ത് വരേണ്ടതുമാണ്.

**<u>സ്റ്റോക്ക് രജിസ്റ്റർ</u>**

വിവിധ ആവശ്യങ്ങൾക്കായി നടത്തുന്ന വാങ്ങലുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഓഫീസ് സ്റ്റേഷനറി, ഫർണിച്ചർ, ഗ്രാമലക്ഷ്മിയിൽ നിന്നുള്ള രജിസ്റ്ററുകളും ഫോറങ്ങളും, ബൾബുകളും ട്യൂബുകളും അനുബന്ധ ഇലക്ട്രിക്കൽ ഉപകരണങ്ങളും കമ്പ്യൂട്ടർ, ലാപ് ടോപ്പ്, പ്രിന്റർ, അനുബന്ധ ഉപകരണങ്ങൾ, വകുപ്പുതല പുസ്തകങ്ങൾ ഇവയെല്ലാം പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഇവയുടെ വിതരണം, വിതരണ ബാക്കി മുതലായവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. സ്റ്റോക്ക് രജിസ്റ്ററുകളുടെ അഭാവത്തിൽ സ്ഥാപനത്തിൽ നടത്തുന്ന വാങ്ങലുകളുടെ വിതരണ വിവരങ്ങളോ നീക്കിബാക്കിയോ അറിയുവാൻ സാധിക്കുന്നില്ല. ഫർണിച്ചർ, ഇലക്ട്രിക്കൽ/ഇലക്ട്രോണിക് ഉപകരണങ്ങൾ ഇവയെല്ലാം റിപ്പയർ നടത്തുന്നുണ്ടെങ്കിലും റിപ്പയർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കമ്പ്യൂട്ടർ, ലാപ് ടോപ്പ്, പ്രിന്റർ, അനുബന്ധ ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും അവയുടെ വിതരണം എ.എം.സി./റിപ്പയർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി

സാക്ഷ്യപ്പെടുത്തൽ നടത്തേണ്ടതുമാണ്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തത് ഗുരുതര വീഴ്ചയായി കണ്ട് ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

**ബിൽ രജിസ്റ്റർ**

സ്ഥാപനത്തിലെ ബിൽ രജിസ്റ്ററിൽ തനത് ഫണ്ട് ചെലവുകൾ പലതും ഉൾപ്പെടുത്തിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ ചെലവുകളൊന്നും ബിൽ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. 07/18 മുതലുള്ള ചെലവുകളുടെ ബിൽ നമ്പരും ചേർത്തിട്ടില്ല. തൻവർഷം സ്ഥാപനം നടത്തിയ എല്ലാ ചെലവുകളും അവയുടെ ബിൽ/വൌച്ചർ/ചെക്ക് നമ്പരുകൾ ഉൾപ്പെടുത്തി ബിൽ രജിസ്റ്റർ പൂർണമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയത് സംബന്ധിച്ച വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.04.2019 | 2 & 3/2019 | A1-186/16 തീ. 02.05.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.08.2017 | 2008-09<br>2016-17 | ലഭിച്ചിട്ടില്ല |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആർജ്ജിച്ച ആസ്തികളുടെ മൂല്യം ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) കുടിശിക തുകകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ നല്കിയിട്ടില്ല.

3) അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി ബാധ്യതകളുടെ കൃത്യത വ്യക്തമല്ല.

4) വസ്തുനികുതിയുടെ സാംഖ്യ കണക്കുകൾ പ്രകാരമുള്ള ഡി.സി.ബി. സഞ്ചയ കണക്കുകളുമായി

പൊരുത്തപ്പെടുന്നില്ല.

5) നിർവഹണ ഉദ്യോഗസ്ഥർ TR-7A ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

6) 26.07.2011ലെ ജി.ഒ.(എം.എസ്)152/11LSGD-യിലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിങ് നടത്തിയിട്ടില്ല.

7) ബാങ്ക്, ട്രഷറി കണക്കുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകകളുടെ കൃത്യത വ്യക്തമല്ല.

9)വാർഷിക കണക്കുകളിലെ നീക്കിയിരിപ്പ് RP-40(b)യിൽ SSA, RPGSA എന്നീയിനങ്ങളിലെ തുകകളും ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

## ഭാഗം -2
## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഡി. & ഒ. ലൈസൻസ് അധിക ഫീസ് ഒടുക്കിയത്

1996ലെ കേരള പഞ്ചായത്ത് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 19 പ്രകാരം യന്ത്ര സാമഗ്രികൾ കൊണ്ട് പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ താമസിച്ച് സമർപ്പിക്കുന്ന അപേക്ഷകൾക്ക് കൊടുക്കേണ്ട ലൈസൻസ് ഫീസിന്റെ 25 ശതമാനം അധിക ഫീസ് ചുമത്താവുന്നതാണ്. ഇപ്രകാരം 4 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയപ്പോൾ അധിക ഫീസായി ₹2,750/- ചുമത്തിയിട്ടില്ലെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി 6(1) നൽകിയിരുന്നു. അതിൻ പ്രകാരം അധിക ഫീസായ ₹2,750/- രസീത് നമ്പർ 1190100555/ 26-07-2019 ആയി ഒടുക്കിയിട്ടുണ്ട്.

### 2-2 ലേല തുകകൾ അടവാക്കിയപ്പോൾ ജി.എസ്.ടി./വന നികുതി എന്നിവ ഈടാക്കിയിട്ടില്ല

സ.ഉ.(അച്ചടി)നം.87/2017 തസ്വഭവ തീയതി 01-11-2017 പ്രകാരം പഴയ സാധന സാമഗ്രികൾ ലേലം ചെയ്ത് വിൽക്കുമ്പോൾ ലേല തുകയോടൊപ്പം ജി.എസ്.ടി. കൂടെ ഈടാക്കേണ്ടതായിരുന്നു. എന്നാൽ പഞ്ചായത്തിൽ 2018-19ൽ പഴയ സാധന സാമഗ്രികൾ, പാഴ്മരം എന്നിവ ലേലം കൊണ്ട വ്യക്തികളിൽ നിന്നും ജി.എസ്.ടി. ഈടാക്കിയിട്ടില്ല. കൂടാതെ പാഴ്തടി ലേലം നടത്തിയപ്പോൾ ഫോറസ്റ്റ് ഓഫീസിൽ നിന്ന് അവയുടെ മൂല്യം നിർണ്ണയിച്ച് ആ തുകയ്ക്ക് ലേലം നടത്തേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരം മൂല്യ നിർണ്ണയം നടത്തുകയോ

ലേലതുകയിന്മേൽ വനനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

ലേലം നടത്തിയതിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ലേലം നടത്തിയതിന്റെ വിവരം | ലേലം കൊണ്ട വ്യക്തി | ലേല തുക/രസീത് നമ്പർ/ തീയതി | ഈടാക്കേണ്ട ജി.എസ്.ടി.(12%)/ വന നികുതി(5%) |
|---|---|---|---|---|
| 1. | പൊളിച്ച് മാറ്റിയ പഴയ പഞ്ചായത്ത് കെട്ടിടത്തിന്റെ അടിത്തറ | താജ് കുരുവിള, വെള്ളമറ്റത്തിൽ | 1550/ലഭ്യമാക്കിയില്ല | 186 |
| 2. | പൊളിച്ചു മാറ്റിയ പഴയ പഞ്ചായത്ത് കെട്ടിടത്തിലെ പൈപ്പുകൾ | താജ് കുരുവിള, വെള്ളമറ്റത്തിൽ | 3100/ലഭ്യമാക്കിയില്ല | 372 |
| 3. | 12-ാം വാർഡിൽ OLH അംഗൻവാടിയും ചേർന്നുള്ള ഉപയോഗശൂന്യമായ പൊതു ടോയ് ലറ്റും പൊളിച്ച് നീക്കുന്നതിനുള്ള അവകാശം | സണ്ണി, കട്ടക്കയം | 5010/118010100249/ 28-05-18 5010/118010100497/ 13-07-18 | 1202.4 |
| 4. | വനിതഹാൻഡിക്രാഫ്റ്റ് ഇൻഡസ്ട്രീയൽ വർക്ക്ഷോപ്പ് ശാസ്താംപാറ -പൊളിച്ച് നീക്കുന്നതിനുള്ള അവകാശം | സണ്ണി, കട്ടക്കയം | 4500/118010100428/ 30-06-18 4500/118010100498/ 13-07-18 | 1080 |
| 5. | പുതിയ പഞ്ചായത്ത് കെട്ടിടം പണിയുന്ന സ്ഥലത്തെ പഴയ കെട്ടിടത്തിന്റെ ഭാഗമായ ഇരുമ്പ് സാധനങ്ങൾ, ഷട്ടർ തുടങ്ങിയവയുടെ ലേലം | നാസർ, കൊക്കലം, മുളപ്പുറം | 20750/119010100550/ 24-07-19 | 2490 |
| 6. | കരിങ്കുന്നം ജംഗ്ഷനിലും കരിങ്കുന്നം- പുറപ്പുഴ റോഡിലും | വിനോദ് ഐസക്, | 9769/17040/19 13-09-18 | 1172.28 488.45(വന |

| | | | | |
|---|---|---|---|---|
| | നിന്നിരുന്ന പാഴ് മരങ്ങൾ മുറിച്ച് മാറ്റിയത് | പീടികപ്പാറയിൽ | | നികുതി) |
| 7. | ശാസ്താംപാറ ലേബർ ട്രെയിനിങ്ങ് സെന്ററിലെ ഉപകരണങ്ങൾ പൊളിച്ച് നീക്കം ചെയ്തത് | അഫ്സൽ | 5750/118010102282/ 07-03-19 | 690 |
| 8. | പ്രാഥമികാരോഗ്യ കേന്ദ്രം സ്റ്റാഫ് ക്വാർട്ടേഴ്സ് പൊളിച്ച് നീക്കിയത് | അഫ്സൽ | 8750/118010102281/ 07-03-19 | 1050 |
| | | **ആകെ** | ₹68689/- | 8243 |

ജി.എസ്.ടി. ഈടാക്കാത്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 5) പാഴ് വസ്തുക്കൾ ലേലം ചെയ്യുന്നതിന് ജി.എസ്.ടി./വന നികുതി എന്നിവ ആവശ്യമില്ലാത്തതിനാലാണ് നികുതി ഈടാക്കാതിരുന്നത് എന്ന മറുപടി തൃപ്തികരമല്ല. ആയതിനാൽ മേൽ സൂചിപ്പിച്ച ഇനങ്ങളിന്മേലുള്ള ജി.എസ്.ടി./വന നികുതി എന്നിവ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ക്രമ നം. 1, 2 എന്നിവയിലെ ലേലത്തുക അടവാക്കിയ രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-3 സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മരം വെട്ടി മാറ്റിയ ഇനത്തിൽ ₹2000/- ചെലവായി

പഞ്ചായത്തിൽ താമസക്കാരിയായ ശ്രീമതി. ലളിത ഗോപി, വടക്കേക്കരയിൽ, വീട്ടു നമ്പർ XI/168 എന്ന വ്യക്തിയുടെ വീടിന് മുകളിലേയ്ക്ക് അപകടകരമായ രീതിയിൽ ചാഞ്ഞ് നിന്നിരുന്ന - സാബു വണ്ടൻമാക്കൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മരം - നോട്ടീസ് നൽകിയിട്ടും ഉടമസ്ഥൻ മുറിച്ചു മാറ്റാത്തതിനാൽ, പഞ്ചായത്ത് ₹2,000/- (വൌച്ചർ നം.21800364/തീ.13.08.2018) ചെലവാക്കി വെട്ടി മാറ്റിയിരുന്നു. 1994ലെ പഞ്ചായത്ത് രാജ് ചട്ടം 238-ബി പ്രകാരം ഇത്തരം ചെലവാകുന്ന തുക മരത്തിന്റെ ഉടമസ്ഥനിൽ നിന്നും വസ്തുനികുതി കുടിശ്ശിക എന്ന രീതിയിൽ ഈടാക്കാമെന്നതിനാൽ ടി തുക ഈടാക്കാൻ 15-05-2018ലെ ജനറൽ കമ്മിറ്റി, 12-ാം തീരുമാനമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി-1ന് മറുപടിയായി തുക ഈടാക്കിയിട്ടില്ല എന്നും വസ്തുനികുതി കുടിശ്ശികയായി തുക ഈടാക്കുന്നതാണ് എന്നും അറിയിച്ചിരിക്കുന്നു. ഉത്തരവാദിയിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4 മുൻവർഷത്തെ വാടകക്കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു.

2018-19ൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളൊന്നും വാടകയ്ക്ക് നൽകിയിട്ടില്ലെങ്കിലും വാർഷികക്കണക്കിൽ (ബി-15) വാടക കുടിശ്ശികയിനത്തിൽ ₹17,445/- ലഭിയ്ക്കാനുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4) ഈ തുക 2016-17 വർഷത്തെ കുടിശ്ശികയാണെന്നും ടി തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ഹാജരാക്കിയിട്ടുണ്ട്. എന്നാൽ വാടക്കാരന്റെയും കരാർ ചമച്ചതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുക വാടകക്കാരനിൽ നിന്നോ അക്കാലയളവിലെ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 2-5 ഡി. & ഒ. ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു

വസ്തുനികുതിയുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 526 വാണിജ്യ കെട്ടിടങ്ങളുണ്ട്. ട്രേഡ്സ് ലിസ്റ്റ് പ്രകാരം 170 കെട്ടിടങ്ങളാണുള്ളത്. എന്നാൽ ഡി. ആന്റ് ഒ. ലൈസൻസ് രജിസ്റ്റർ പ്രകാരം 127 സ്ഥാപനങ്ങൾ മാത്രമാണ് 2018-19 വർഷം ലൈസൻസ് എടുത്തിട്ടുള്ളത്/പുതുക്കിയിട്ടുള്ളത്. ഒന്നിൽ കൂടുതൽ മുറികളോ കെട്ടിടങ്ങളോ ഒരു സ്ഥാപനത്തിന്റെ ഭാഗമായി ഉപയോഗിച്ചേക്കാമെന്ന സാദ്ധ്യതയുണ്ടെങ്കിലും 28% സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് ലഭ്യമാക്കിയിട്ടുള്ളത്. ഇക്കാര്യം പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും നിർദ്ദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും നിലവിൽ എല്ലാ സ്ഥാപനങ്ങളും ഇതിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളെയും ഫീൽഡ് പരിശോധന നടത്തി ട്രേഡ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കാലാകാലങ്ങളിൽ ട്രേഡ്സ് ലിസ്റ്റ് കാലികമാക്കേണ്ടതുമാണ് . ഓഡിറ്റിൽ പല തവണ പരാമർശിച്ചിട്ടും പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വീഴ്ച ഉണ്ടാക്കുകയും ലൈസൻസ് എടുക്കാതെ പ്രവർത്തിയ്ക്കുന്നതിനാൽ ഭാവിയിൽ മറ്റ് ഗുരുതര പ്രശ്നങ്ങൾ ഉണ്ടാക്കാനും ഇടയുള്ള സാഹചര്യത്തിൽ പഞ്ചായത്തിന്റെ അലംഭാവം അപലപനീയമാണ്. ഇക്കാര്യത്തിലെ തുടർനടപടികളിലേയ്ക്ക് ഭരണ വകുപ്പിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

2011ലെ കെട്ടിട നിർമ്മാണച്ചട്ടങ്ങളും 2011ലെ വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളും പ്രകാരം പെർമ്മിറ്റിന്റെ കാലാവധി അതനവദിച്ച തീയതി മുതൽ മൂന്ന് വർഷം വരെയാണ്. താഴെ സൂചിപ്പിക്കുന്ന 2 കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വസ്തുനികുതി നിർണയിച്ച് ഈടാക്കിയിട്ടില്ല.

| ക്രമ നം. | വർഷം | ഉടമസ്ഥന്റെ വിവരം | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (സ്ക്വയർ മീററർ) | പെർമിറ്റ് തീയതി/വിവരങ്ങൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 2015-16 | ബിജു രാജപ്പൻ<br>അപ്പാച്ചിക്കുളം | പാർപ്പിടം | 155.59 | 11-05-2015<br>നിർമ്മാണം പൂർത്തീകരിച്ച |
| 2 | | ജോസ് മത്തായി<br>കുരിശുംമൂട്ടിൽ | പാർപ്പിടം | 206.65 | 15-03-2016<br>നിർമ്മാണം പൂർത്തീകരിച്ച |

മേൽ സൂചിത കെട്ടിടങ്ങൾ റഗുലറൈസ് ചെയ്ത് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 2-7 കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ്-കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

1996ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നായി നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കിയതിന്റെ 1% കളക്ഷൻ ചാർജായി ഈടാക്കാത്തത് മൂലം ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. കളക്ഷൻ ചാർജ്ജ് ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വൃദ്ധർക്ക് കട്ടിൽ വിതരണം - കുറഞ്ഞ ടെണ്ടർ പരിഗണിച്ചില്ല - നഷ്ടം ₹1,21,539/-

| | |
|---|---|
| **പ്രോജക്ട് നം.** | **വൃദ്ധർക്ക് കട്ടിൽ വിതരണം**<br>S0012/18-19, ജനറൽ<br>S0014/18-19, എസ്. സി.<br>S0015/18-19, എസ്. റ്റി. |
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | വി.ഇ.ഒ., നെല്ലാപ്പാറ |
| **അടങ്കൽ** | ₹2,00,000/- ജനറൽ<br>₹1,51,375/- എസ്. സി.<br>₹30,275/- എസ്. റ്റി. |
| **ബിൽ നം/തീയതി/തുക** | 9/18-19/05.12.18 ₹1,94,625/-<br>19/18-19/21.03.19 ₹1,51,375/-<br>16/18-19/14.01.19 ₹30,275/- |

| | |
|---|---|
| | ആകെ =₹376275/- |

2018-19 വർഷം വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വൃദ്ധർക്ക് കട്ടിൽ വിതരണം എന്ന പദ്ധതിയുടെ നടത്തിപ്പിനായി മേൽ സൂചിത ബില്ലുകൾ പ്രകാരം ₹3,76,275/- ചെലവായിട്ടുണ്ട്. കട്ടിൽ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും അതുപ്രകാരം 4 ടെണ്ടർ ലഭിക്കുകയും ചെയ്തു. ഇതിൽ ടെണ്ടർ സ്പെസിഫിക്കേഷനിൽ നിർദ്ദേശിച്ച പ്രകാരമുള്ള കട്ടിലിന് ഏറ്റവും കുറഞ്ഞ നിരക്ക് (₹2,928/-) രേഖപ്പെടുത്തിയത് ഡെക്കോറാത്ത് ഇറ്റലിയൻ സോഫ ആൻഡ് ഫർണ്ണിച്ചർ, ഈരാറ്റുപേട്ട, എന്ന സ്ഥാപനത്തിന്റേതാണ്. എന്നാൽ ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഈ സ്ഥാപനത്തെ പരിഗണിക്കാതെ ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തിയ ₹4,325/- മോഡേൺ ഫർണ്ണിച്ചർ മാർട്ട്, പൈങ്ങോട്ടൂർ എന്ന സ്ഥാപനത്തെ 19.09.18ലെ കമ്മിറ്റി, തീരുമാനം 10/10(4) പ്രകാരം അംഗീകരിച്ച്, തെരഞ്ഞെടുക്കുകയും ചെയ്തു. 24.09.18ലെ കത്തുപ്രകാരം വി.ഇ.ഒ. ടി സ്ഥാപനത്തെ അറിയിക്കുകയും കരാറിൽ ഏർപ്പെടുകയും ചെയ്തു.

| ക്രമ നം. | വിഭാഗം | കട്ടിലുകളുടെ എണ്ണം | തുക ₹ |
|---|---|---|---|
| 1 | ജനറൽ | 45 | 194625 |
| 2 | എസ്.സി | 35 | 151375 |
| 3 | എസ്.റ്റി | 7 | 30275 |
| | **ആകെ** | **87** | **376275** |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ ക്ഷണിച്ചപ്പോൾ സ്റ്റോർ പർച്ചേയ്സ് മാനുവലിലെ നിബന്ധനകൾ പാലിച്ചിട്ടില്ല. സ.ഉ.(പി)നം.03/2013/എസ്.പി.ഡി, തീ.21.06.2013, ഖ.7.33, 735, 7.36 അതായത് കട്ടിൽ ഏതിനം തടിയെന്നോ, വാറന്റി കാലാവധി ഉടങ്ങിയവ പരാമർശിച്ചിട്ടില്ലാത്തതിനാൽ വിതരണം ചെയ്ത കട്ടിലുകളുടെ ഗുണനിലവാരത്തിന്റെ കൃത്യത തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

2. കട്ടിൽ വിതരണം ചെയ്തതിന്റെയും ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെയും രേഖകളില്ല.

3. കട്ടിലുകളുടെ വിവരം രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമല്ല.

4. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13) മോഡേൺ ഫർണ്ണിച്ചർ മാർട്ട്, പൈങ്ങോട്ടൂർ ലഭ്യമാക്കിയ സാമ്പിൾ വിദഗ്ധ സംഘം പരിശോധിക്കുകയും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് കട്ടിലുകൾ വാങ്ങിയതെന്നാണ് വി.ഇ.ഒ. അറിയിച്ചിരിക്കുന്നത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. കാരണം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഡെക്കോറാത്ത് ഇറ്റലിയൻ സോഫ ആൻഡ് ഫർണ്ണിച്ചർ, ഈരാറ്റുപേട്ട, എന്ന സ്ഥാപനവും അധിക നിരക്ക്

രേഖപ്പെടുത്തുകയും കട്ടിലുകൾ വാങ്ങുകയും ചെയ്ത സ്ഥാപനമായ മോഡേൺ ഫർണിച്ചർ മാർട്ട്, പൈങ്ങോട്ടൂർ എന്ന സ്ഥാപനവും ഒരേയിനം തടിയാണ് (മഹാഗണി) ടെണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്നത് (കട്ടിലിന്റെ നീളം, വീതി, എന്നിവ ടെണ്ടർ സ്പെസിഫിക്കേഷനിൽ സൂചിപ്പിച്ചിരുന്നു).

5.ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഡെക്കോറാത്ത് ഇറ്റലിയൻ സോഫ ആൻഡ് ഫർണിച്ചർ എന്ന സ്ഥാപനത്തെ പരിഗണിക്കാതെ ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തിയ മോഡേൺ ഫർണിച്ചർ മാർട്ട്, പൈങ്ങോട്ടൂർ എന്ന സ്ഥാപനത്തെ 19.09.18 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ (10/10) അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തത് മൂലം ₹1,21,539/-നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| കുറഞ്ഞ നിരക്ക് അംഗീകരിച്ചിരുന്നുവെങ്കിൽ നൽകേണ്ടിയിരുന്ന തുക 2928x87 | ₹2,54,736/- |
| കൂടുതൽ നിരക്ക് അംഗീകരിച്ചതിനാൽ നൽകിയ തുക 4325x87 | ₹3,76,275/- |
| അധികം നൽകിയ തുക 376275 – 254736 | ₹1,21,539/- |

നഷ്ട തുക ₹1,21,539/-ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും വാങ്ങലിന് അംഗീകാരം നൽകിയ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളിൽ നിന്നും (19.09.18ലെ പഞ്ചായത്ത് കമ്മിറ്റി) കമ്മിറ്റിയിൽ പങ്കെടുത്ത സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 കുടുംബാരോഗ്യ കേന്ദ്രം ഫാർമസി എയർ കണ്ടീഷൻ ചെയ്യൽ - അധിക നിരക്ക് നൽകി ₹40,933/-

| | |
|---|---|
| **പ്രോജക്ട് നം.** | **കുടുംബാരോഗ്യ കേന്ദ്രം ഫാർമസി എയർ കണ്ടീഷൻ ചെയ്യൽ – 47/19** |
| **അടങ്കൽ** | ₹1,35,000/- |
| **കരാറുകാരൻ** | അരുൺ എസ്. |
| **അളവ് ബുക്ക് നം.** | 10/18-19 |
| **ബിൽ നം.** | 22/18-19, തീ.18.12.2019 – ₹44,956/-<br>**ചെക്ക് നം.** 1075751/20.12.2018 – ₹90,000/- |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇനം 11 പ്രകാരം 1.5 Tonn invertor type wall mounted A.C സ്ഥാപിക്കുന്നതിനും ഇനം 12 പ്രകാരം 1 Tonn invertor type wall mounted A.C സ്ഥാപിക്കുന്നതിനും

ഉള്ളതായിരുന്നു. Daikan, Thoshiba, Misthubishi ഇവയിൽ ഏതെങ്കിലും കമ്പനിയുടെ ACയാണ് സ്ഥാപിക്കേണ്ടത് എന്ന് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പ്രത്യേകം പരാമർശിച്ചിരുന്നു. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

**1. സ്പെസിഫിക്കേഷൻ വ്യക്തമായി പരാമർശിച്ചിട്ടില്ല. കരാറുകാരന് പരമാവധി ലാഭമുള്ള സാധനം സ്ഥാപിക്കുന്നതിനുള്ള അവസരമുണ്ടായിരിക്കുന്നു**

മുകളിൽ പറഞ്ഞ ഇനങ്ങൾക്ക് എസ്റ്റിമേറ്റിൽ യഥാക്രമം ₹60,100/-, ₹50,900/- ആണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ സൂചിപ്പിക്കുന്ന കമ്പനികൾക്ക് തന്നെ എസ്റ്റിമേറ്റിൽ സൂചിപ്പിച്ച സ്പെസിഫിക്കേഷനിലുള്ള വ്യത്യസ്ത വിലയിലുള്ള വ്യത്യസ്ത മോഡൽ സാധനങ്ങൾ മാർക്കറ്റിൽ ലഭ്യമാണ്. മോഡൽ പ്രത്യകം പരാമർശിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലൂടെ കരാറുകാരന് പരമാവധി ലാഭമുള്ള സാധനം സ്ഥാപിക്കുന്നതിനുള്ള അവസരമുണ്ടായിരിക്കുന്നു.

**2. എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം അളവ്ബുക്കിലെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു**

സ്ഥാപിച്ച സാധനത്തിന്റെ കമ്പനി, മോഡൽ എന്നിവരേഖപ്പെടുത്താതെ എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന അതേ രീതിയിൽ 'Daikan/Thoshiba/Misthubishi' എന്ന് തന്നെയാണ് അളവ് ബുക്കിലും രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിൽ നിന്നും നേരിൽ പരിശോധന നടത്താതെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അളവ്ബുക്കിലെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് എന്നും ചെക്ക് മെഷർ ചെയ്തിരിക്കുന്നത് എന്നും വ്യക്തമാകുന്നു. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും അളവെടുത്തതും ചെക്ക് മെഷർ ചെയ്തതും ഇലക്ട്രിക്കൽ പ്രവൃത്തികളുടെ നടത്തിപ്പിനുവേണ്ടി ജില്ലാതലത്തിൽ രൂപീകരിച്ചിരിക്കുന്ന സമിതിയിലെ അംഗങ്ങളാണ്. ആയതിനാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, അളവെടുക്കുക എന്നീ ജോലികൾക്കായി 3% തുകയായ ₹3,983/- ശ്രീ. എം. ആർ. ഉദയഭാനുവിനും ചെക്ക് മെഷർ ചെയ്തതിന് ശ്രീ. കെ. എ. എബ്രഹാമിന് 1% തുകയായ ₹1,297/-യും നൽകിയിരിക്കുന്നു. കൃത്യ നിർവ്വഹണത്തിൽ ബന്ധപ്പെട്ട എഞ്ചിനീയർമാർ വീഴ്ച വരുത്തിയിരിക്കുന്നു.

**3. പ്രൊക്യുയർമെന്റ് മാന്വൽ പ്രാകാരം വാങ്ങൽ നടത്തേണ്ട ഇനം മരാമത്ത് പ്രവൃത്തിയായി ചെയ്തിരിക്കുന്നു**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യുയർമെന്റ് മാന്വൽ പ്രാകാരം വാങ്ങൽ നടത്തേണ്ട ഇനം മരാമത്ത് പ്രവർത്തിയിൽ ഉൾപ്പെടുത്തി കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പാക്കിയിരിക്കുന്നു. ₹1,35,000/- അടങ്കലുള്ള ഈ പദ്ധതിയിൽ രണ്ട് എ.സി.-കളും 4KvA,3KVA കപ്പാസിറ്റിയുള്ള ഓരോ വോൾട്ടേജ് സ്റ്റെബിലൈസറുകളും വാങ്ങി സ്ഥാപിക്കുന്നതിനായിരുന്നു ₹1,17,980/-യും വകയിരുത്തിയിരുന്നത്. ഈ സാധനങ്ങളെല്ലാം കമ്പനികൾ തന്നെ നേരിട്ട് സ്ഥാപിച്ച് നൽകുന്നവയാണ് എന്നതിനാൽ കരാറുകാർക്കുള്ള ലാഭവിഹിതം ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി മാർക്കറ്റിൽ ലഭിക്കുന്നതിനേക്കാൾ ഉയർന്ന നിരക്ക് നൽകി വാങ്ങിയതിനാൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിരിക്കുന്നു.

**4. കമ്പനിയും മോഡലും പരിഗണിക്കാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിച്ചിരിക്കുന്നു**

അളവ് ബുക്ക് പ്രകാരം കമ്പനിയും മോഡലും പരിഗണിക്കാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക തന്നെയാണ് അനുവദിച്ചിരിക്കുന്നത്. Daikan കമ്പനിയുടെ RXL50TV16U മോഡൽ 1.5 tonn invertor ac, RKL35TV16X മോഡൽ 1 tonne invertor ac എന്നിവയാണ് യഥാർത്ഥത്തിൽ സ്ഥാപിച്ചിരിക്കുന്നത്. ഇത് അളവ് ബുക്കിൽ പ്രത്യേകം പരാമർശിച്ചിട്ടില്ല. ഇവയുടെ supply, coveyance, installation and testing നടത്തുന്നതിന് മാർക്കറ്റ് വില യഥാക്രമം ₹37,214/-, ₹33,178/- എന്നിങ്ങനെയാണ്. എന്നാൽ ഉയർന്ന നിരക്കായ ₹60,100/-, ₹51,235/-എന്നിങ്ങനെ നൽകിയതിലൂടെ യഥാക്രമം ₹22,876/-, ₹18,057/- എന്നിങ്ങനെ ആകെ ₹40,933/- അധികം നൽകാനിടയായി.

**5. നാമമാത്രമായ തുകമാത്രം വരുന്ന ഇലക്ട്രിക്കൽ ജോലികൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു**

ഈ പദ്ധതിയിൽ എഞ്ചിനീയർമാർക്കുള്ള ചാർജ്ജ് ₹5,280/- ഒഴികെ വകയിരുത്തിയിരുന്നത് ₹1,29,767.80 ആണ്. ആയതിൽ നിന്നും മുകളിൽ സൂചിപ്പിച്ച വാങ്ങലുകൾക്കുള്ള ₹1,17,980/- ഒഴിവാക്കിയാൽ ₹11,788/- മാത്രമാണ് യഥാർത്ഥത്തിൽ നടത്തേണ്ട ഇലക്ട്രിക്കൽ ജോലികൾ. പൊതുപണം കൈകാര്യം ചെയ്യുന്നതിനുള്ള അടിസ്ഥാന മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥാപനത്തിന്റെ പൊതുതാത്പര്യം പരിഗണിക്കാതെ കൂടുതൽ തുക ചെലവഴിക്കേണ്ട വാങ്ങലിന് പ്രാധാന്യം നൽകാതെ നാമമാത്രമായ തുകമാത്രം വരുന്ന ഇലക്ട്രിക്കൽ ജോലികൾക്ക് പ്രാധാന്യം നൽകി കരാറുകാരനെ സഹായിക്കുന്ന രീതിയിലുള്ള നടപടികളാണ് ഈ പദ്ധതിയിൽ നടന്നിരിക്കുന്നത്.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് തൻവർഷം നടപ്പാക്കിയ എല്ലാ ഇലക്ട്രിക്കൽ ജോലികളും വിശദമായി പരിശോധിക്കേണ്ടതും ഈ പ്രവൃത്തിയിൽ ആകെ അധികമായി അനുവദിച്ചിരിക്കുന്ന തുക ₹40,933/-അളവെടുത്തതും ചെക്ക് മെഷർ ചെയ്തതുമായ എഞ്ചിനീയർമാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-3 ടെണ്ടർ കൂടാതെ ബയോഗ്യാസ് പ്ലാന്റുകൾ വാങ്ങിയത് - അപാകതകൾ - നഷ്ടം ₹27,500/-

| | |
|---|---|
| **പ്രോജക്ട് നം.** | **S0100/19 മാലിന്യ സംസ്കരണം** |
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | വി.ഇ.ഒ., നെല്ലാപ്പാറ |
| **അടങ്കൽ** | ₹9,50,750/- (2018-19)<br>₹10,60,750/- (2017-18) |
| **ബിൽ നം/തുക/തീയതി** | 15/17-18/26.03.2018, ₹1,10,000/-, (2017-18) |
| **വൌച്ചർ നം/തുക/തീയതി** | 21800422/31.08.2018, ₹1,21,000/- (2018-19) |
| | **ആകെ** **₹2,31,000/-** |

2018-19 വർഷം മാലിന്യ സംസ്കരണം നടത്തുന്നതിന് വേണ്ടി ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്യുന്നതിന് (സ്പിൽ ഓവർ) വിഭാവനം ചെയ്ത പദ്ധതിയാണിത്. പദ്ധതിയുടെ നടത്തിപ്പിന് 22 ബയോഗ്യാസ്

പ്ലാന്റുകൾക്കായി മേൽ സൂചിത ബില്ലുകൾ പ്രകാരം 2017-18 വർഷത്തിൽ ₹1,10,000/-യും (പ്ലാൻ ഫണ്ട്) 2018-19 വർഷത്തിൽ ₹1,21,000/- (തനത് ഫണ്ട്) ആകെ ₹2,31,000/- ചെലവഴിച്ചിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റുകൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതനുസരിച്ച് 7 ടെണ്ടർ ലഭിച്ചിരുന്നു. ഇതിൽ ടെണ്ടർ സ്പെസിഫിക്കേഷനിൽ നിർദ്ദേശിച്ച പ്രകാരമുള്ള ബയോഗ്യാസ് പ്ലാന്റിന് ഏറ്റവും കുറഞ്ഞ നിരക്ക് (₹6,825/-) രേഖപ്പെടുത്തിയിരുന്നത് ഗാന്ധിജി സ്റ്റഡി സെന്റർ, തൊടുപുഴ എന്ന സ്ഥാപനമാണ്. ഈ സ്ഥാപനം നിയമാനുസൃത കാലാവധിയ്ക്കുള്ളിൽ കരാറിൽ ഏർപ്പെട്ടില്ല. റീ-ടെണ്ടർ ചെയ്യാൻ സമയം കുറവാണ് എന്ന് സൂചിപ്പിച്ചുകൊണ്ട് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ (തീരുമാനം നം.3/3, തീ. 16.03.2018) ഗവ. അംഗീകൃത സ്ഥാപനമായ പാലക്കാട് IRTCയിൽ നിന്നും പദ്ധതിയിൽ രേഖപ്പെടുത്തിയ യൂണിറ്റ് തുകയായ ₹10,500/-യുടെ ബയോഗ്യാസ് പ്ലാന്റുകൾ വാങ്ങുന്നതിനും അഡ്വാൻസ് നൽകുന്നതിനും തീരുമാനിച്ചതനുസരിച്ച് 21.03.2018ൽ നിർവ്വഹണ ഉദ്യോഗസ്ഥൻ IRTCയുമായി കരാറിൽ ഏർപ്പെടുകയും 22 ബയോഗ്യാസ് പ്ലാന്റുകൾക്കായി (10500x22=2,31,000) ആകെ ₹2,31,000/- IRTCയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുമുണ്ട് (26.03.2018 ₹1,10,000/-, 13.08.2018 ₹1,21,000/-).

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടെണ്ടർ ക്ഷണിച്ചപ്പോൾ സ്റ്റോർ പർച്ചേസ് മാനുവലിലെ നിബന്ധനകൾ പാലിച്ചിട്ടില്ല. സ.ഉ.(പി)നം.03/2013/ എസ്.പി.ഡി.-2/21.06.2013, ഖ. 9.7 (ടെണ്ടർ ഒഴിവാക്കുന്നതിനുള്ള കാരണങ്ങൾ), ഖ. 9.15 (നിരസിക്കപ്പെട്ട ടെണ്ടറുകൾ നിരസിക്കുവാനുണ്ടായ കാരണങ്ങൾസഹിതം പർച്ചേസ് ഫയലിൽ സൂക്ഷിക്കുക).

2) ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്തതിന്റെയും ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെയും രേഖകളില്ല.

3) ബയോഗ്യാസ് പ്ലാന്റുകളുടെ വിവരം രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമല്ല.

4) അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14), ബ്ലൂ ഫെയിം ബയോ-യുടെ ടെണ്ടർ, കാലാവധിക്ക് ശേഷമാണ് പഞ്ചായത്തിൽ ലഭ്യമായത് എന്നാണ് മറുപടി നൽകിയത്. ടെണ്ടർ ലഭിക്കേണ്ട അവസാന തീയതി 25.01.2018 എന്നിരിക്കേ 24.01.2018-ലാണ് ടി സ്ഥാപനം ടെണ്ടർ സമർപ്പിച്ചിരിക്കുന്നതായി ടെണ്ടർ ഫോമിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാണ് ടെണ്ടർ പഞ്ചായത്തിൽ ലഭ്യമായത് എന്നത് സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതുകൊണ്ട് മേൽ മറുപടി അംഗീകരിക്കുന്നതല്ല.

5) പാലക്കാട് IRTCയിൽ നെഗോഷ്യേറ്റ് ചെയ്യാതെയാണ് പദ്ധതിയിൽ രേഖപ്പെടുത്തിയ യൂണിറ്റ് തുകയായ ₹10,500/-ന് ബയോഗ്യാസ് പ്ലാന്റുകൾ വാങ്ങിയിരിക്കുന്നത്.

6) ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ മാലിന്യ സംസ്കരണം എന്ന ഈ പദ്ധതിക്ക് വേണ്ടി ബ്ലൂ ഫെയിം ബയോ, തൊടുപുഴ എന്ന സ്ഥാപനം ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ സമർപ്പിക്കുകയും 1 ബയോഗ്യാസ് പ്ലാന്റിന് ₹9,250/- നിരക്ക് രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ശുചിത്വ മിഷൻ നൽകിയ സർട്ടിഫിക്കറ്റ് പ്രകാരം ഇടുക്കി ജില്ലയിലെ മാലിന്യ സംസ്കരണത്തിന്റെ അംഗീകൃത സർവ്വീസ് പ്രൊവൈഡർ ആണ് ഈ സ്ഥാപനം. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഈ സ്ഥാപനത്തിന്റെ ടെണ്ടർ

പരിഗണിക്കുകയോ, പഞ്ചായത്ത് കമ്മിറ്റിയെ അറിയിക്കുകയോ ചെയ്തിട്ടില്ല. ടെണ്ടർ രജിസ്റ്ററിൽ ടി സ്ഥാപനം ടെണ്ടർ സമർപ്പിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ടി സ്ഥാപനത്തിന്റെ ടെണ്ടർ നിരസിച്ചതായിട്ടുള്ള വിവരങ്ങളും ഫയലിൽ ലഭ്യമല്ല.

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ബ്ലൂ ഫെയിം ബയോ, തൊടുപുഴ ടെണ്ടറിലെ തുക ₹9,250/- പരിഗണിക്കാതെ ഏറ്റവും കൂടിയ നിരക്കിൽ (₹10,500/-) ടെണ്ടർ ഉറപ്പിച്ച് നൽകിയതുകൊണ്ട് പഞ്ചായത്തിന് ഉണ്ടായ നഷ്ടം ₹27,500/- (10500-9250=1250x22=27500) നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-4 കന്നുകുട്ടി പരിപാലനപദ്ധതി(വനിത)അധികവിഹിതം തിരികെ ലഭ്യമാക്കി സഞ്ചിതനിധിയിൽ ഒടുക്കിയിട്ടില്ല

| | |
|---|---|
| **പ്രോജക്ട് നം.** | 58 |
| **ബിൽ നം.** | 3/14.11.2018 ₹6,25,000/- |
| **നിർവഹണ ഉദ്യോഗസ്ഥ** | വെറ്ററിനറി സർജൻ |

വെറ്റിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഗുണഭോക്താവൊന്നിന് ₹12,500/-പ്രകാരം 100 ഗുണഭോക്താക്കൾക്കായി ₹12,50,000/- വകയിരുത്തിയിരുന്നു. ഈ പദ്ധതിയിൽ 50 ഗുണഭോക്താക്കളുടെ വിഹിതമായ ₹6,25,000/- മേൽ ബിൽ പ്രകാരം നിർവഹണ ഉദ്യോഗസ്ഥ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ ഒടുക്കിയിട്ടുണ്ട്. ഈ 50 ഗുണഭോക്താക്കളിൽ താഴെ വിവരിച്ചിട്ടുള്ളവരുടെ കന്നുകുട്ടികൾ ചത്തുപോയിട്ടുള്ളതിനാൽ ഇടയ്ക്ക് വച്ച് പദ്ധതിയിൽ നിന്നും വിട്ടുപോയിട്ടുള്ളതായി കാണുന്നു.

| **ക്രമ നം.** | **പേര്** | **വിട്ടുപോകുന്നതുവരെ കൈപ്പറ്റിയ പദ്ധതിവിഹിതം** | **ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ ബാക്കി നില്ക്കുന്ന പദ്ധതിവിഹിതം (₹12,500/- കൈപ്പറ്റിയ പദ്ധതിവിഹിതം)** |
|---|---|---|---|
| 1 | സരസമ്മ രാമനാഥപിള്ള | 2234 | 10266 |
| 2 | ലീലാമ്മ തോമസ് | 3470 | 9030 |
| 3 | ലിസ്സി ചാക്കോ | 1616 | 10884 |
| | | **ആകെ** | **30180** |

അവശേഷിക്കുന്ന പദ്ധതി വിഹിതം ₹30,180/- തിരികെ ലഭ്യമാക്കി സഞ്ചിതനിധിയിൽ ഒടുക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

### 3-5 ടെണ്ടർ നടപടികൾ കൂടാതെ SIDCO യിൽ നിന്ന് നേരിട്ട് വാങ്ങലുകൾ നടത്തിയതു സംബന്ധിച്ച്

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പുതിയ 2 അംഗൻവാടികളിലേയ്ക്ക ഫർണിച്ചർ വാങ്ങാൻ വിഭാവനം ചെയ്ത പദ്ധതിയാണിത്. ടി പദ്ധതിക്കായി ₹42,728/- ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ കൂടാതെ SIDCO-യിൽ നിന്ന് ഫർണിച്ചർ നേരിട്ട് വാങ്ങുകയാണ് ചെയ്തത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| **പ്രോജക്ട് നം.** | **പുതിയ 2 അംഗൻവാടികളിലേയ്ക്ക ഫർണിച്ചർ വാങ്ങൽ**<br><br>S00105/18-19 |
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| **അടങ്കൽ** | ₹55,101/- |
| **ബിൽ നം./തുക/തീയതി** | 2/18-19, തീ. 20.08.2018, ₹42,728/- |

ടെണ്ടർ നടപടികൾ കൂടാതെ SIDCO-യിൽ നിന്നും വാങ്ങിയത് സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നം.3) ഐ.സി.ഡി.എസ്. സൂപ്പർവൈസർ തന്ന മറുപടിയിൽ 2/18ൽ മാത്രമാണ് പദ്ധതിക്ക് അംഗീകാരം ലഭിച്ചത് എന്നും ആദ്യം ടെണ്ടർ ചെയ്തപ്പോൾ (28/02/18) ആരും പങ്കെടുത്തില്ലായെന്നും പിന്നീട് റീ ടെണ്ടർ ചെയ്ത് ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി നടപ്പാക്കുവാൻ സമയം ലഭ്യമല്ലാതിരുന്നതിനാൽ 16.03.18ലെ കമ്മിറ്റി തീരുമാനമനുസരിച്ച് SIDCO-യിൽ നിന്നും വാങ്ങുകയാണ് ചെയ്തത് എന്നാണ് അറിയിച്ചത്. വാങ്ങൽ നടപടികൾ ഉൾപ്പെടുന്ന പദ്ധതികൾ നടപ്പാക്കുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുന്നതിനാവശ്യമായ സമയം ഉണ്ടോ എന്ന് പഞ്ചായത്ത് കമ്മറ്റിയും നിർവ്വഹണോദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സാമ്പത്തികവർഷം അവസാനിക്കാറാകുമ്പോൾ പദ്ധതിപ്പണം പൂർണ്ണമായി ചെലവഴിക്കുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപടിക്രമങ്ങൾ പാലിക്കാതെ നിർവ്വഹണം നടത്താൻ ഉദ്യോഗസ്ഥരെ നിർബന്ധിതരാക്കുകയും ചെയ്യുന്ന നടപടി ഭാവിയിൽ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-6 പി.വി.സി. വാട്ടർ ടാങ്ക് വിതരണം (എസ്.സി.) കുറഞ്ഞ ടെണ്ടർ പരിഗണിച്ചില്ല - തടസ്സം ₹14,000/-

| | |
|---|---|
| **പ്രോജക്ട് നം.** | **S072/19 പി.വി.സി വാട്ടർ ടാങ്ക് (എസ്.സി)** |

| | |
|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | വി.ഇ.ഒ., നെല്ലാപ്പാറ |
| **അടങ്കൽ** | ₹1,12,000/- |
| **ബിൽ നം/തുക/തീയതി** | 10/18-19, തീ. 19.12.18 ₹84,000/-<br>ഗുണഭോക്തൃ വിഹിതം ₹28,000(40x700) |
| | **ആകെ ₹1,12,000/-** |

2018-19 വർഷം എസ്. സി. ഗുണഭോക്താക്കൾക്ക് പി.വി.സി. വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത്.

പദ്ധതിയുടെ നടത്തിപ്പിനായി മേൽ സൂചിത ബില്ലുകൾ പ്രകാരം ₹1,12,000/- (40 ടാങ്കുകൾക്ക് ₹2,800/- വീതം) ചെലവാക്കിയിട്ടുണ്ട്. പി.വി.സി. വാട്ടർ ടാങ്ക് വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതനുസരിച്ച് 5 ടെണ്ടറുകൾ ലഭിച്ചിരുന്നു. ഇതിൽ ടെണ്ടർ സ്പെസിഫിക്കേഷനിൽ നിർദ്ദേശിച്ച പ്രകാരമുള്ള ടാങ്കിന് വ്യത്യസ്ത വില ഉൾപ്പെടുത്തി ഏറ്റവും കുറഞ്ഞ നിരക്കും കൂടിയ നിരക്കും രേഖപ്പെടുത്തിയത് പി.എം.എം. & സൺസ്, കാഞ്ഞിരപ്പള്ളി എന്ന സ്ഥാപനമാണ്. എന്നാൽ ടെണ്ടറിൽ കുറഞ്ഞ നിരക്ക് ₹2,450/-(Blue Colour – ടാങ്ക്) രേഖപ്പെടുത്തിയ ടാങ്ക് തെരഞ്ഞെടുക്കാതെ കൂടിയ നിരക്ക് രേഖപ്പെടുത്തിയ ₹2,850/-ന്റെ ടാങ്ക് (White Colour) ആണ് 19.09.2018ലെ കമ്മിറ്റി തീരുമാനം 10/10 പ്രകാരം അംഗീകരിച്ച് വാങ്ങിയിട്ടുള്ളത്.

**പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.**

1. ടെണ്ടർ ക്ഷണിച്ചപ്പോൾ സ്റ്റോർ പർച്ചേയ്സ് മാന്വലിലെ നിബന്ധനകൾ പാലിച്ചിട്ടില്ല. സ.ഉ(പി)നം.03/2013 /എസ്.പി.ഡി./21.06.2013, ഖ 7.33, 7.35, 7.36 അതായത് ടാങ്കിന്റെ കനം, നിറം, ലെയർ, U/V പ്രൊട്ടക്ഷൻ, മെറ്റീരിയൽ, വാറന്റി കാലാവധി തുടങ്ങിയവ പരാമർശിച്ചിട്ടില്ലാത്തതിനാൽ വിതരണം ചെയ്ത ടാങ്കുകളുടെ ഗുണനിലവാരത്തിന്റെ കൃത്യത തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

2. വാട്ടർ ടാങ്കുകൾ വിതരണം ചെയ്തതിന്റെയും ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെയും രേഖകളില്ല.

3. ടാങ്കുകളുടെ വിവരം രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമല്ല.

4. ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ₹2,450/-ന്റെ ടാങ്ക് പരിഗണിക്കാതെ കൂടിയ നിരക്കായ ₹2,850/-ന്റെ ടാങ്ക് പിന്നീട് നെഗോഷിയേഷൻ നടത്തി ₹2,800/-ക്ക് 19.09.2018 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ (10/10)15 അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തതുമൂലം ₹14,000/- അധികം ചെലവായിട്ടുണ്ട്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9) പി.എം.എം. & സൺസ്, കാഞ്ഞിരപ്പിള്ളി ലഭ്യമാക്കിയ സാമ്പിൾ വിദഗ്ധ സംഘം പരിശോധിക്കുകയും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് വാട്ടർ ടാങ്കുകൾ വാങ്ങിയത് എന്ന് വി.ഇ.ഒ. അറിയിച്ചിട്ടുണ്ട്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. വിശദമായ മറുപടിയുടെ അഭാവത്തിൽ ₹14,000/-യുടെ

ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-7 പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടം - അഞ്ച് വർഷമായിട്ടും പ്രവർത്തി പൂർത്തീകരിച്ചില്ല

| | |
|---|---|
| **പ്രോജക്ട് നം.** | 74/19 |
| **നിർവ്വഹണം** | അസി. എഞ്ചിനീയർ |

പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം എന്ന പദ്ധതി 2014-15 വർഷത്തിൽ ₹32,99,282/- വകയിരുത്തി ആരംഭിച്ച പദ്ധതിയാണ്. എന്നാൽ തൻവർഷം തുകയൊന്നും ചെലവഴിച്ചില്ല. 2015-16 വർഷം ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ₹27,35,534/- വകയിരുത്തിയെങ്കിലും ആ വർഷവും തുക ചെലവഴിച്ചില്ല. 2016-17 വർഷം ₹38,37,251/- വകയിരുത്തിയതിൽ ₹10,57,295/- ചെലവഴിച്ചിരിക്കുന്നു. ആ വർഷം തന്നെ മറ്റൊരു പദ്ധതിയിൽ ₹18,70,089/- വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവഴിച്ചില്ല. 2017-18ൽ ₹2779956/- വകയിരുത്തിയതിൽ ₹26,02,975/- ചെലവഴിച്ചിരിക്കുന്നു. 2018-19ൽ ₹25,00,500/- അടങ്കലുള്ള പദ്ധതി തയ്യാറാക്കിയിരിക്കുന്നു. ആയതിൽ നിന്നും ₹19,81,758/- ചെലവഴിച്ചിരിക്കുന്നു. അവശേഷിക്കുന്ന ₹5,18,742/-ൽ ₹3,85,807/- ചെലവഴിക്കുന്നതിനായി 2019-20 വർഷം പദ്ധതിക്ക് അംഗീകാരം ലഭിച്ചിരിക്കുന്നു. അങ്ങനെ 5 വർഷങ്ങളിലായി ഭാഗികമായി പദ്ധതി നിർവ്വഹണം നടത്തുന്നതിന് തുകകൾ വകയിരുത്തിയിരുന്നുവെങ്കിലും നാളിതുവരെ പദ്ധതി പൂർത്തീകരിക്കാനായില്ല.

**പദ്ധതി നടത്തിപ്പിലെ അപാകതകൾ**

1. ഈ പദ്ധതിക്കായി ആകെ അടങ്കൽ തുക കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ്, പ്ലാൻ ഡിസൈൻ എന്നിവ തയ്യാറാക്കി അംഗീകാരം വാങ്ങിയതായി കാണുന്നില്ല.

2. ഓരോ വർഷവും ഭാഗികമായ പ്രവർത്തനങ്ങൾക്കാവശ്യമായ തുക വകയിരുത്തി ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടത്തി തുക ചെലവഴിക്കുന്നു.

ഇനിയും പൂർത്തീകരിക്കുന്നതിനുള്ള മുഴുവൻ ഇനങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 3-8 മരുന്നുകൾ ലഭ്യമായില്ല

വിവിധ മെഡിക്കൽ ഓഫീസർമാർ നടപ്പാക്കിയ മരുന്ന് വാങ്ങൽ പദ്ധതികൾ പ്രകാരം മരുന്നുകളുടെ തുക

അടച്ചിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതിയുടെ നംപരും പേരും | അടച്ച തുക/ബിൽ നം./തീയതി | തുക കൈപ്പറ്റിയ സ്ഥാപനം | കൈപ്പറ്റ് വിവരങ്ങൾ |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.,കരിങ്കുന്നം | 21/19-പി.എച്ച്.സി.-യിലേക്ക് മരുന്ന് വാങ്ങൽ | ₹200000/- ബിൽ നം. 80/ തീ.14-11-18 | കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ലിമി. | U000000528713578/ തീ. 19-11-18 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.,കരിങ്കുന്നം | 29/19 പാലിയേറ്റീവ് കെയർ | ₹43636/-*** ബിൽ നം. 159/ തീ.19-01-19 | കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ലിമി. | U000000584500372/ തീ. 05-02-19 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 9/19-ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | ₹80000/- ബിൽ നം. 91/ തീ. 24-11-18 | കേരള സ്റ്റേറ്റ് ഹോമിയോ കോ-ഓപ്പറേറ്റീവ് ഫാർമസി ലിമി.,ആലപ്പുഴ | രസിത് നം.898/ തീ. 27-12-18 |
| | ആകെ | 323636 | | |

**** പാലിയേറ്റീവ് കെയർ പദ്ധതി ചെലവായ ₹3,98,636/-യിൽ ₹43,636/-യാണ് മരുന്നു വാങ്ങുന്നതിന് KMCLൽ അടച്ചിരിക്കുന്നത്.*

മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 3-9 പ്രളയ ദുരിതാശ്വാസ ഫണ്ട് - ഒടുക്കിയിട്ടില്ല

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒടുക്കുന്നതിനായി പിരിച്ച ₹28556/- വർഷാവസാനം പഞ്ചായത്ത് അക്കൌണ്ടിൽ നീക്കിയിരിപ്പുണ്ട്. തുക ഒടുക്കാതെ പഞ്ചായത്തിന്റെ തനത് അക്കൌണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത് ക്രമവിരുദ്ധമായ നടപടിയാണ്. തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കാലതാമസം കൂടാതെ ഒടുക്കേണ്ടതാണ്.

### 3-10 ലൈഫ് പദ്ധതി

ലൈഫ് പദ്ധതിയിൽ 35 ഗുണഭോക്താക്കൾ കരാർ ചമച്ച് ഭവന നിർമ്മാണം ആരംഭിച്ചുവെങ്കിലും 5

ഗുണഭോക്താക്കൾ മാത്രമാണ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. 30 ഗുണഭോക്താക്കൾ വീട്ടുപണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

പദ്ധതിക്ക് വേണ്ടി തൻവർഷം ലഭിച്ചതും ചെലവഴിച്ചതുമായ വിവിധ ഫണ്ടിനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | | വികസന ഫണ്ട് ₹ | ബ്ലോക്ക്പഞ്ചായത്ത് വിഹിതം ₹ | ജില്ലാപഞ്ചായത്ത് വിഹിതം ₹ | മറ്റുള്ളവ ₹ | ആകെ ₹ |
|---|---|---|---|---|---|---|
| പൊതു വിഭാഗം | വകയിരുത്തിയത് | 2000000 | 418367 | 635677 | 9240000 | 16800000 |
| | ചെലവഴിച്ചത് | 2000000 | 418367 | 635677 | 3260000 | 6314044 |
| പട്ടികജാതി വിഭാഗം | വകയിരുത്തിയത് | 400000 | 51020 | 0 | 1320000 | 2400000 |
| | ചെലവഴിച്ചത് | 400000 | 51020 | 0 | 680000 | 1131020 |

ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-11 കുടുംബശ്രീ അക്കൗണ്ടിൽ ₹420,197/- അവശേഷിക്കുന്നു

കുടുംബശ്രീയുടെ ഇൻഡ്യൻ ബാങ്ക് അക്കൗണ്ട് നമ്പർ 771623948ൽ സാമ്പത്തിക വർഷാവസാനം ₹4,20,197/- അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിലെ അഗതി-ആശ്രയ കുടുംബാംഗങ്ങൾക്ക് പ്രയോജനപ്രദമായ പദ്ധതികൾ രൂപീകരിച്ച് ടി തുക പൂർണ്ണമായും വിനിയോഗിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയ്ക്ക് വിനിയോഗവിവരം ലഭ്യമല്ല

| | |
|---|---|
| **പ്രോജക്ട് നം.** | **52. വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ മെയിന്റനൻസ് – എക്സ്റ്റൻഷൻ** |
| **നിർവഹണ ഉദ്യോഗസ്ഥൻ** | സെക്രട്ടറി |
| **ബിൽ നം.** | 16/15.11.2018 ₹1300000/- |
| **രസീത് നം.** | AP-117415/11.01.2019 |
| **കരാർ തീയതി** | 30.11.2018 |

വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ എക്സി. എഞ്ചിനീയർ, പി.എച്ച്. ഡിവിഷൻ, തൊടുപുഴയ്ക്ക് ₹13,00,000/-യുടെ പദ്ധതി നാളിതുവരെ നടപ്പാക്കിയിട്ടില്ല. കരാർ വ്യവസ്ഥ 4 പ്രകാരം 15.03.2019ന് മുമ്പായി പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. വാട്ടർ അതോറിറ്റിയുമായി സപ്ലിമെന്ററി കരാർ ചമയ്ക്കേണ്ടതും പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

### 3-13 സെമിനാറിൽ പങ്കെടുത്തതിന് ടാക്സി ചാർജ്ജ് നൽകിയത് - അനുവദനീയമല്ല

മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ബീന രാജു 05.04.2018ൽ കില-യിൽ വെച്ച് നടത്തിയ ഒരു ദിവസത്തെ സെമിനാറിൽ പങ്കെടുക്കുന്നതിന് ടാക്സിയിൽ പോയി വന്ന വകയിൽ ചെലവായ ₹4300/- ബിൽ നം. 21800166/01.06.2018 (ചെക്ക് നം. 195645/29.05.18) പ്രകാരം നൽകിയിട്ടുണ്ട്. സെമിനാറിൽ പങ്കെടുത്തതിന് അർഹമായ ദിനബത്തയും (₹200/-) കൈപ്പറ്റിയിട്ടുണ്ട്. പഞ്ചായത്തിന് സ്വന്തമായി വാഹനമുണ്ടായിരുന്നെങ്കിലും വാഹനത്തിന്റെ ഇൻഷ്വറൻസ് അടവാക്കാതിരുന്നതിനാലാണ് ടാക്സി ഉപയോഗിക്കേണ്ടി വന്നത്. ഗ്രാമപഞ്ചായത്തിന് നിലവിൽ സ്വന്തമായി വാഹനമുണ്ടാവുകയും കില-യിൽ നടത്തിയ സെമിനാർ സംബന്ധിച്ച് മുൻകൂട്ടി അറിയിപ്പ് ലഭിക്കുകയും ചെയ്ത സാഹചര്യത്തിൽ സെമിനാറിൽ പങ്കെടുക്കുന്നതിന് ടാക്സി ചാർജ്ജ് നൽകിയത് അനുവദനീയമല്ല. ആയതിനാൽ അർഹമായ യാത്രാബത്ത അനുവദിച്ച് ബാക്കി തുക പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 3-14 വെള്ളക്കരം - സംയുക്ത പരിശോധന ഫലപ്രദമായില്ല – പഞ്ചായത്ത് ഫണ്ടിന് പാഴ് ചെലവ്

ഗ്രാമപഞ്ചായത്തിലെ 156 തെരുവ് ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ₹600000/- തൻവർഷം അടവാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 17.06.2018ലെ 16(16) നമ്പർ തീരുമാന പ്രകാരം നടത്തിയ സംയുക്ത പരിശോധനയിൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ 82 ടാപ്പുകൾ ഉള്ളതായും ഇവയിൽ 23 ടാപ്പുകൾ നിലവിൽ ഉപയോഗക്ഷമമാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള 82 ടാപ്പുകളുടെ പട്ടിക സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ വസ്തുത വാട്ടർ അതോറിറ്റി അംഗീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 15.07.2018ൽ എ1-4125/18 നമ്പരായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും യാതൊരു പ്രതികരണവും വാട്ടർ അതോറിറ്റിയിൽ നിന്നും നാളിതുവരെ ലഭിച്ചിട്ടില്ല. വെള്ളക്കരം അടവ് സംബന്ധിച്ച് 23.06.2006ലെ 1501/2006/ത.സ്വ.ഭ.വ. നമ്പർ സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വെള്ളക്കരമിനത്തിൽ സ്ഥാപനത്തിന് തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന അനാവശ്യ ചെലവ് നിയന്ത്രിക്കുന്നതിനുള്ള അടിയന്തിര നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

### 3-15 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവ് - അപാകതകൾ

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ (കൺ. നം. 1157438008693) തൻവർഷം 04/18 -

08/18 വരെ ₹10,921/- നിരക്കിലും 19/18 – 03/19 വരെ ₹11,285/- നിരക്കിലുമാണ് അടച്ചിട്ടുള്ളത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളൊന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ ഇനം, തരം മുതലായ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തൻമൂലം തെരുവ് വിളക്കുകളുടെ എണ്ണം, തരം, പ്രവർത്തനക്ഷമത സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല. തെരവ് വിളക്ക് റിപ്പയർ രജിസ്റ്റർ, ബൾബുകൾ, ട്യൂബുകൾ, അനുബന്ധ ഉപകരണങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തൻവർഷം 09/18 മുതൽ വൈദ്യുതി ചാർജ്ജ് ഉയർത്തിയത് സംബന്ധിച്ച് അന്വേഷിക്കുന്നതിനായി KSEB-യുമായി കത്തിടപാടുകളൊന്നും നടത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും ഫലപ്രദമായ പരിഹാര നടപടികളൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ല. പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകൾക്ക് മാത്രം വൈദ്യുതി ചാർജ്ജ് അടവാക്കേണ്ടതിന് മീറ്റർ സംവിധാനം ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | ബാക്കി ₹ | പ്രോജക്ടിന്റെ പേര് |
|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 418367<br>51020 | 0<br>0 | ലൈഫ് ജനറൽ<br>ലൈഫ് എസ്.സി. |
| ജില്ലാപഞ്ചായത്ത് | 2018-19 | 635677 | 0 | ലൈഫ് ജനറൽ |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 75000 | 0 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് 25/19 |
| ജില്ലാപഞ്ചായത്ത് | 2018-19 | 130000 | 0 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് 25/19 |
| ജില്ലാപഞ്ചായത്ത് | 2018-19 | 14110 | 0 | നെൽകൃഷി വികസനം - 17/19 |
| ജില്ലാപഞ്ചായത്ത് | 2018-19 | 3000000 | 3000000 | പി.എച്ച്.സി. വയോജന ആരോഗ്യ പരിപാലന കേന്ദ്രം - 117/19 |
| ജില്ലാപഞ്ചായത്ത് | 2018-19 | 1000000 | 1000000 | പി.എച്ച്.സി. വനിതാ കൌൺസിൽ ഹാൾ കേന്ദ്രം - 118/19 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 75000 | 0 | സബ്സിഡി 56/19 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കൽ, 8/19 | 79/14.11.18 | 1950000 | 1949842 | 158 |
| ജലവിഭവ വകുപ്പ് | അശോക കംഫർട്ട് സ്റ്റേഷന് ബോർവെൽ, മോട്ടോർ, പ്ളംബിങ്ങ് വർക്ക്, 52/19 | 89/ 15.11.18 | 1300000 | 1300000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

– ഇല്ല –

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | മുൻബാക്കി ₹ | 2018-19 വായ്പ തുക ₹ | ആകെ ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| ഉത്തരവ് നം.കെ.യു.ആർ.ഡി.എഫ്.സി./ എ2-289/2018/25.11.2018 | 0 | 3940000 | 3940000 | 0 | 3940000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

– ഇല്ല –

## 4-8 ചാർജ്/സർചാർജ്

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അടവാക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2002-03 | 2-3 | റ്റി. കെ. സരസ്വതിയമ്മ സെക്രട്ടറി | LF-4970/ spl.cell/ SC2/06 13.02.07 | 5283 | | | | | | 5283 | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 29 | സി.എൻ. വൽസല എൽ.ഡി.സി | LF.9388/SC2/ 02/dt.04.01.03 | 4950 | | | | | | 4950 | |
| 2 | 2008-09 | 3-1 | ജേക്കബ് മാത്യു സെക്രട്ടറി | LF-18057/spl.cell/ CSC/C1/2012(2) dt.07.05.14 | 6917 | | | | | | 6917 | |
| 3 | 2008-09 | 3-5(1), (2),(3) | മറിയാമ്മ ജോർജ് അസി. എൻജിനീയർ | LF-18057/ spl.cell/ CSC/C1/2012(4) dt.07.05.14 | 13974 | | | | | | 13974 | |
| 4 | 2008-09 | 3-5(1), (2),(3) | മുഹമ്മദ് കുഞ്ഞ് റ്റി.എൻ. അസി. എൻജിനീയർ | LF-18057/ spl.cell/ CSC/C1/2012(4) dt.07.05.14 | | | | | | | | |
| | 2008-09 | 3-5(1), (2),(3) | സി. എസ്. സിനോഷ് അസി. എൻജിനീയർ | LF-18057/ spl.cell/ CSC/C1/2012(3) dt.07.05.14 | | | | | | | | |
| | 2008-09 | 3-5(1), (2),(3) | ടി. എം. മത്തായി അസി. എൻജിനീയർ | LF-18057/ spl.cell/ CSC/C1/2012(4) dt.07.05.14 | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹5,60,06,710 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹4,83,94,053 |
| വരവിനങ്ങളിലുള്ള നഷ്ടം | – ഇല്ല – |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹1,89,972 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹14,000 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 8684 | ശ്രീ. ജോജോ സേവ്യർ, വി.ഇ.ഒ. |
| | - | 8683 | ശ്രീ. ശ്രീകാന്ത് വി, സെക്രട്ടറി |
| | - | 8681 | ശ്രീമതി. എൽസമ്മ ബേബിച്ചൻ, മെമ്പർ |
| | - | 8681 | ശ്രീ. ജോയി പി. ജെ, മെമ്പർ |
| | - | 8681 | ശ്രീമതി. ബിന്ദു ബിനു, പ്രസിഡന്റ് |
| | - | 8681 | ശ്രീമതി. എൽസമ്മ സെബാസ്റ്റ്യൻ, മെമ്പർ |
| | - | 8681 | ശ്രീ. ദിലീപ്കുമാർ എം. എസ്, മെമ്പർ |
| | - | 8681 | ശ്രീ. റ്റി. സി. ജോസഫ്, മെമ്പർ |
| | - | 8681 | ശ്രീമതി. ലില്ലി ബേബി, മെമ്പർ |
| | - | 8681 | ശ്രീ. ജോജി തോമസ്, മെമ്പർ |
| | - | 8681 | ശ്രീ. ബെന്നി തോമസ്, മെമ്പർ |
| | - | 8681 | ശ്രീ. തോമസ് കുട്ടി കര്യൻ, മെമ്പർ |

| | | | |
|---|---|---|---|
| | - | 8681 | ശ്രീമതി. ജാസ്മിൻ റോസ് ബിനോയി, മെമ്പർ |
| | - | 8681 | ശ്രീമതി. ബീനാ ബിജു, മെമ്പർ |
| 3-2 | - | 20467 | ആർ. ഉദയഭാനു<br>അസി. എഞ്ചിനീയർ (റിട്ട.)<br>പൊതുമരാമത്ത് ഇലക്ട്രിക്കൽ വിംഗ് |
| | - | 20466 | കെ. എ. എബ്രഹാം<br>അസി. എക്സി. എഞ്ചിനീയർ (റിട്ട.)<br>പൊതുമരാമത്ത് ഇലക്ട്രിക്കൽ വിംഗ് |
| 3-3 | - | 27500 | ശ്രീ. ജോജോ സേവ്യർ<br>വി.ഇ.ഒ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 14000 | ശ്രീ. ജോജോ സേവ്യർ, വി.ഇ.ഒ. |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ജോജോ സേവ്യർ<br>വി.ഇ.ഒ. | വി.ഇ.ഒ.<br>കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | ചെറുപുഷ്പം, മൺവിള<br>തിരുവനന്തപുരം – 695 081 |
| 2 | എൽസമ്മ ബേബിച്ചൻ | മെമ്പർ<br>കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | കൊച്ചുകരൂർ, കരിങ്കുന്നം പി.ഒ.<br>കരിങ്കുന്നം – 685 586 |
| 3 | ജോയി പി. ജെ | മെമ്പർ<br>കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | ഇല്ലിക്കപറമ്പിൽ, കരിങ്കുന്നം പി.ഒ.<br>കരിങ്കുന്നം - 685586 |
| 4 | ബിന്ദു ബിനു | പ്രസിഡന്റ്<br>കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | വെള്ളാപ്പുഴ, മുാല പി.ഒ,<br>തൊടുപുഴ |

| | | | |
|---|---|---|---|
| 5 | എൽസമ്മ സെബാസ്റ്റ്യൻ | മെമ്പർ<br>കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | നടുക്കണ്ടത്തിൽ, മ്രാല പി.ഒ<br>തൊടുപുഴ |
| 6 | ദിലീപ്കുമാർ എം.എസ് | മെമ്പർ<br>കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | മടക്കത്തറ, തട്ടാരത്തട്ട പി.ഒ<br>കരിങ്കുന്നം |
| 7 | റ്റി.സി ജോസഫ് | മെമ്പർ<br>കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | തയിതറയിൽ, ഒറ്റല്ലൂർ പി.ഒ<br>കരിങ്കുന്നം – 685 586 |
| 8 | ലില്ലി ബേബി | മെമ്പർ<br>കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | കാരികുന്നത്ത്, കരിങ്കുന്നം പി.ഒ<br>കരിങ്കുന്നം - 685 586 |
| 9 | ജോജി തോമസ് | മെമ്പർ<br>കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | എടാംപുറത്ത്, കരിങ്കുന്നം പി.ഒ<br>കരിങ്കുന്നം - 685 586 |
| 10 | ബെന്നി തോമസ് | മെമ്പർ<br>കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | വാഴചാരിക്കൽ, മറ്റത്തിപ്പാറ പി.ഒ<br>കരിങ്കുന്നം - 685 586 |
| 11 | തോമസ് കുട്ടി കര്യൻ | മെമ്പർ<br>കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | മുഞ്ഞനാട്ട് , കരിങ്കുന്നം പി.ഒ<br>കരിങ്കുന്നം - 685 586 |
| 12 | ജാസ്മിൻ റോസ് ബിനോയി | മെമ്പർ<br>കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | കൊടിയംകുന്നേൽ, നെല്ലാപ്പാറ പി.ഒ<br>കരിങ്കുന്നം – 685 586 |
| 13 | ബീനാ ബീജു | മെമ്പർ<br>കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | കാവനാൽ, കരിങ്കുന്നം പി.ഒ<br>കരിങ്കുന്നം - 685 586 |
| 14 | ശ്രീകാന്ത് വി.<br>സെക്രട്ടറി | സെക്രട്ടറി | കിഴക്കേമഠം, കലഞ്ഞൂർ പി. ഒ.<br>പത്തനംതിട്ട – 689694 |
| 15 | ആർ. ഉദയഭാനു<br>(റിട്ട.) | മെമ്പർ<br>ഡി.എൽ.ഇ.സി. | മാത്തിപ്പറമ്പിൽ, രാമപുരം<br>രാമപുരം പി. ഒ. |
| 16 | കെ. എ. എബ്രാഹം<br>(റിട്ട.) | മെമ്പർ<br>ഡി.എൽ.ഇ.സി. | കിളിച്ചുമലയിൽ വീട്<br>മണക്കാട് പി. ഒ., തൊടുപുഴ |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.ഐ-7/64/99/ 10.09.1999 | 1 | 28 |
| 1997-98 | എൽ.എഫ്.ഐ-7/707/200/ 30.11.2000 | 5 | 33, 34, 35, 42, 43 |
| 1998-99 | എൽ.എഫ്.ഐ-7/172/2000/ 31.07.2000 | 2 | 28, 29 |
| 1999-2000 | എൽ.എഫ്.ഐ-7/250/2001/ 15.10.2001 | 6 | 24, 31, 32, 33, 37, 39 |
| 2000-01 | എൽ.എഫ്.ഐ-7/627/2001/ 15.10.2001 | 5 | 24, 25, 27, 28, 29 |
| 2001-02 | എൽ.എഫ്.ഐ-7/449/2003/ 13.05.2005 | 6 | 2-5, 2-7, 2-8, 2-9, 2-10, 2-11 |
| 2002-03 | എൽ.എഫ്.ഐ-7/227/2005/ 13.05.2005 | 2 | 2-3, 3-2 |
| 2003-04 | എൽ.എഫ്.ഐ-7/709/2007/ 14.05.2007 | 4 | 2-5, 3-1, 3-4, 3-5 |
| 2004-05 | എൽ.എഫ്.ഐ-7/67/2008/ 03.09.2008 | 7 | 2-1, 3-1, 3-4, 3-5, 3-6, 3-7, 3-9 |
| 2005-06 | എൽ.എഫ്.ഐ-7/68/2008/ 09.09.2008 | 13 | 3-1, 3-3, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-14, 3-15, 3-17, 3-18 |
| 2006-07 | എൽ.എഫ്.ഐ-7/1807/ 17/17.03.18 | 17 | 2-1, 2-2, 3-1, 3-2, 3-3, 3-5,3-6, 3-8, 3-9,3-10,3-11, 3-12, 3-14, 3-15, 3-16, 3-18, 3-20 |
| 2007-08 | എൽ.എഫ്.ഐ-7/456/17/ 21.04.17 | 23 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-5,3-6, 3-8, 3-9, 3-10, 3-11,3-12, 3-13, 3-14, 3-15, 3-17, 3-18, 3-19,3-20 |
| 2008-09 | എൽ.എഫ്.ഐ-7/1497/ 16/26.12.16 | 17 | 2-2, 2-3, 2-4, 2-5, 2-6,2-7, 2-8,2-9,2-10,3-2, 3-3,3-4, 3-5,3-6,3-7,3-9, 3-10 |

| | | | |
|---|---|---|---|
| 2009-10 | എൽ.എഫ്.ഐ-7/737/16/<br>24.11.16 | 12 | 2-1, 2-2, 3-1, 3-2, 3-3,3-4,<br>3-6, 3-7, 3-8, 3-9,3-10, 3-11 |
| 2010-11<br>&<br>2011-12 | എൽ.എഫ്.ഐ-7/1801/ 17/05.02.18 | 10 | 2-1, 2-2, 3-1, 3-2,3-3,<br>3-4, 3-5, 3-6,3-7,3-8 |
| 2012-13<br>&<br>2013-14 | എൽ.എഫ്.ഐ-7/1137/ 16/29.11.16 | 1 | 3-1 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ-7/ 830/2016/23.06.2016 | 7 | 3-1, 3-4, 3-5, 3-6,<br>3-8, 3-9, 3-10 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-7/<br>183/18/17.03.18 | 7 | 2-2, 2-3, 2-4, 2-5,<br>3-1, 3-2, 3-3 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-7/<br>1753/2017/12.03.18 | 12 | 2-1, 2-2, 2-3, 2-5,3-3, 3-4,<br>3-5,3-8,3-9, 3-13, 3-15, 3-16 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-7/<br>981/2018/04.10.18/07.11.18 | 12 | 2-1, 2-2, 2-3, 2-5,3-3, 3-4,<br>3-5,3-8,3-9, 3-13, 3-15, 3-16 |

**ഡെപ്യൂട്ടി ഡയറക്ടർ**

**ഇടുക്കി**

**അനുബന്ധം – 1**

**ഓഡിറ്റ് സാക്ഷ്യപത്രം**

**നം.കെ.എസ്.എ-ഐ.ഡി.കെ-7/743/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
***ഇ-മെയിൽ : doidk.ksad@kerala.gov.in***

തീയതി. 16.09.2019

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ **കരിങ്കന്നം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2018-19**ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**